റോഡപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി

50 [55] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 5 വർഷക്കാലത്തിനിടയിൽ സംസ്ഥാനത്ത് ഓരോ വർഷവും എത്ര റോഡപകടങ്ങൾ ഉണ്ടായി എന്നും, എത്ര പേർ മരണപ്പെട്ടെന്നും എത്ര പേർക്ക് പരിക്ക് പറ്റിയെന്നും ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 5 വർഷക്കാലത്തെ റോഡപകടത്തിൽ പരിക്ക് പറ്റിയവരുടേയും മരണപ്പെട്ടവരുടെയും സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങളുടെ ഇടയിൽ റോഡ് സുരക്ഷയെപ്പറ്റി ബോധവൽക്കരണ പരിപാടി നടത്തിയും, അപകടസാദ്ധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തി അത്യാവശ്യ സ്ഥലങ്ങളിൽ സ്പീഡ് ബ്രേക്കേഴ്സ് സ്ഥാപിച്ചും അപകടസൂചന ബോർഡുകൾ സ്ഥാപിച്ചും, റോഡുകളിൽ പ്രത്യേക പരിശോധന നടത്തിയും, അമിതവേഗത, അശ്രദ്ധമായ ഡ്രൈവിംഗ് തുടങ്ങിയവ കണ്ടെത്തി നിയമനടപടി സ്വീകരിച്ചും വരുന്നു.

കൂടാതെ ട്രാഫിക് സുരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി പോലീസ് ആസ്ഥാനത്ത് സ്റ്റേറ്റ് പോലീസ് ഓപ്പറേഷൻ റൂമിന്റെ ഭാഗമായി പ്രവർത്തിക്കുന്ന അലർട്ട് സംവിധാനം 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. നാഷണൽ ഹൈവേകളിലും എം.സി. റോഡിലും മറ്റ് റോഡുകളിലും ഉണ്ടാകുന്ന ട്രാഫിക് അപകടങ്ങളിലും ട്രാഫിക് പ്രശ്നങ്ങളിലും എത്രയും പെട്ടെന്ന് പോലീസിന്റെയും ഹൈവേ പോലീസിന്റെയും സഹായം എത്തിക്കുകയാണ് ഇതിന്റെ പ്രധാന ഉദ്ദേശം.

വർഗ്ഗീയ സംഘട്ടനങ്ങൾ

51 [56] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 ജനുവരി 15 വരെ സംസ്ഥാനത്ത് എത്ര വർഗ്ഗീയ സംഘട്ടനങ്ങൾ നടന്നിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly